I.T

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 340 — 12.06.2012-ൽ മറുപടിയ്ക്ക്

2011-12-ലെ വൈദ്യുത വകുപ്പിൻെറ പ്ളാൻ ഫണ്ട്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) 2011-12-ൽ വൈദ്യുത വകുപ്പിൻെറ പ്ളാൻ ഫണ്ട് തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ ; | (എ) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (ബി) വൈദ്യുത വകുപ്പിൻ കീഴിലുള്ള നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ ; ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുകയെത്ര ; | (ബി) ആർ. ജി. ജി. വി. വൈ.യും, ആർ. എ. പി. ഡി.ആർ.പി.യുമാണ് വൈദ്യുതി വകുപ്പിൻ കീഴിൽ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ.<br><br>ആർ. ജി. ജി. വൈ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം, എന്നീ ജില്ലകളിലേക്ക് 114.57 കോടി രൂപയും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലേയ്ക്ക് 89.83 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച തുകയുടെ 90% ഗ്രാൻറും 10% ലോണുമാണ്.<br><br>ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഒന്നാം ഭാഗത്തിലെ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 288.33 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 214.40 കോടി രൂപ കേന്ദ്ര ഗവൺമെൻറിൻെറ ലോണായി നൽകുന്നതാണ്. കൂടാതെ ഒന്നാം ഭാഗത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലും പരിസര പ്രദേശങ്ങളിലും, SCADA/DMS പദ്ധതി നടപ്പിലാക്കുന്നതിനായി 83.15 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൻെറ അനുമതി ലഭിച്ചി |

ട്ടുണ്ട്. ഒന്നാം ഭാഗം, കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്ന പക്ഷം ലോൺതുക ഗ്രാൻറായി മാറ്റുന്നതാണ്.

പദ്ധതിയുടെ രണ്ടാം ഭാഗത്തിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 872.17 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രഗവൺമെൻറിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 218.04 കോടി രൂപ കേന്ദ്ര ഗവൺമെൻറ് ലോണായി നല്കുന്നതാണ്. രണ്ടാം ഭാഗം വിജയകരമായി പൂർത്തിയാക്കുന്ന പക്ഷം പദ്ധതി തുകയുടെ 50% വരെ ഗ്രാൻറായി മാറ്റുന്നതാണ്.

അനെർട്ട് മുഖേന നിർവ്വഹണം നടത്തുന്ന ജവഹർലാൽ നെഹ്റു നാഷണൽ സോളാർമിഷൻെറ ആഭിമുഖ്യത്തിലുള്ള എസ്.പി.വി. പദ്ധതികൾക്കായി 2011-12 വർഷം കേന്ദ്ര സർക്കാരിൽ നിന്നും 2,52,70,500 രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിൻെറ സബ്സിഡിയോടുകൂടി സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷം 232.66 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ആയതിൽ 50 ലക്ഷം രൂപ ഇതിനകം അനുവദിച്ചു കിട്ടുകയും ചെയ്തു.

(സി) വൈദ്യുത വകുപ്പിൻെറ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

(സി) വൈദ്യുത വകുപ്പിൻെറ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ പദ്ധതി ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ്/ സ്ഥാപനം | ഹെഡ് ഓഫ് അക്കൗണ്ട് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | അനെർട്ട് | 2810-00-800 | 901.36 |
| 2. | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് | 2045-00-103-99-19 മെഷീനറി & എക്യുപ്മെൻറ് (പ്ളാൻ) | 2.88 |

| | | | |
|---|---|---|---|
| | | 2810-00-800-94 (മോഡേണൈസേഷൻ ഓഫ് എം.റ്റി.എസ്.എൽ) | 129.87 |
| 3. | എനർജി മാനേജ്മെൻറ് സെൻറർ | 2810-00-800-93 | 26.10 |

സെക്ഷൻ ഓഫീസർ.

# അനുബന്ധം.

| ക്രമ നമ്പർ | വകുപ്പ് / സ്ഥാപനം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| --- | --- | --- | --- |
| 1. | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് | 132.90 | 132.75 |
| 2. | അനെർട്ട് | 5950 * | 901.36 |
| 3. | എനർജി മാനേജ്മെൻറ് സെൻറർ | 2620 ** | 26.10 |
| 4. | കെ. എസ്. ഇ. ബി | 1000 *** | -- |

* 2011-12 കാലയളവിലേക്ക് ബഡ്ജറ്റ് വിഹിതമായി 59.50 കോടി രൂപയുടെ പ്ളാൻ ഫണ്ട് അംഗീകരിച്ചതിൽ 38.61 കോടി രൂപയ്ക്കുള്ള പ്രവർത്തനാനുമതി ലഭിക്കുകയും അതിൽ 20 കോടി രൂപ അനുവദിക്കുയുമുണ്ടായി.

** എനർജി കൺസർവേഷൻ ഫണ്ടിലേക്ക് അനുവദിച്ചു നൽകിയ 200 ലക്ഷം രൂപ ഉൾപ്പെടെ.

*** ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെൻറ് പ്രോഗ്രാമിനായി കെ. എസ്. ഇ. ബിയ്ക്ക് 2011-12ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ലോക ബാങ്കിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.